# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 12

# വാർത്താക്കുറിപ്പ്

---

## ഹാൾടിക്കറ്റ് വിതരണം

ബി.കോം. പാർട്ട് 3 ആനവൽ സ്കീം, സ്പെഷൽ മേഴ്സി ചാൻസ് ഡിസംബർ 2019 പരീക്ഷ ഡിസംബർ 18ന് ആരംഭിക്കും. ഹാൾടിക്കറ്റുകൾ നിശ്ചയിക്കപ്പെട്ട 14 പരീക്ഷകേന്ദ്രങ്ങളിൽ നിന്നും ഡിസംബർ 16, 17 തീയതികളിൽ വിതരണം ചെയ്യും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2184/2019)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്‌സി. ബയോടെക്നോളജി (സി.ബി.സി.എസ്. - റഗുലർ/സപ്ലിമെന്ററി, സി.ബി.സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 16 മുതൽ 20 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2185/2019)

അഞ്ചാം സെമസ്റ്റർ ബി.സി.എ./ബി.എസ്‌സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (സി.ബി.സി.എസ്., 2017 അഡ്മിഷൻ റഗുലർ, സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) ഒക്ടോബർ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 16 മുതൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2186/2019)

## വൈവാവോസി

ഒന്നുമുതൽ നാലുവരെ സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്സ് (ഓഫ് കാമ്പസ് - മേഴ്സി ചാൻസ്) ജൂലൈ 2019 പരീക്ഷയുടെ വൈവാവോസി ഡിസംബർ 17ന് രാവിലെ 11ന് സർവകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2187/2019)

നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (പ്രൈവറ്റ് രജിസ്ട്രേഷൻ - 2017 അഡ്മിഷൻ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) ജൂലൈ/ഓഗസ്റ്റ് 2019 പരീക്ഷയുടെ പുനർവൈവാവോസി ഡിസംബർ 17ന് പാലാ സെന്റ് തോമസ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2188/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (പി.ജി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2189/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2190/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ബയോഇൻഫർമാറ്റിക്സ് (പി.ജി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2191/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻസ് (പി.ജി.സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2192/2019)

2019 ഓഗസ്റ്റിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടന്ന നാലാം സെമസ്റ്റർ എം.ബി.എ. (റഗുലർ ആന്റ് റീഅപ്പിയറൻസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2193/2019)

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (എം.എച്ച്.ആർ.എം. - 2018 അഡ്മിഷൻ റഗുലർ, 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2194/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് മാനേജ്മെന്റ് ഇൻ ഹോസ്പിറ്റാലിറ്റി (എം.എം.എച്ച്.) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2195/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്ററ്റിക്സ് (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2196/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2197/2019)

## സ്പെഷൽ ടീച്ചർ താൽക്കാലിക നിയമനം; വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് പഠനവകുപ്പിൽ സ്പെഷൽ ടീച്ചർ തസ്തികയിലേക്ക് ദിവസവേതന വ്യവസ്ഥയിൽ നിയമിക്കുന്നതിനായി വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. രണ്ട് ഒഴിവാണുള്ളത്. 179 ദിവസത്തേക്കാണ് നിയമനം. 975 രൂപയാണ് ദിവസ വേതനം. യോഗ്യത: പ്രീഡിഗ്രി വിജയം അല്ലെങ്കിൽ തത്തുല്യ യോഗ്യതയും അംഗീകാരമുള്ള സ്പെഷൽ എജ്യൂക്കേഷനിൽ ഒരു വർഷത്തെ പരിശീലന പരിചയം, മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ രണ്ടുവർഷത്തിൽ കുറയാതെ ക്ലാസുകൾ നടത്തിയ പരിചയം. പ്രായം: 2019 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗക്കാർക്ക് പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവ് ലഭിക്കും. താല്പര്യമുള്ള ഉദ്യോഗാർഥികൾ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി, അധികയോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ അസലും പകർപ്പുകളും സഹിതം ഡിസംബർ 17ന് ഉച്ചയ്ക്ക് 12.30ന് സർവകലാശാല ഭരണവിഭാഗം ബ്ലോക്കിലെ എഡി. എ5 സെക്ഷനിൽ എത്തണം.

(പി.ആർ.ഒ/39/2198/2019)

## പാർട്ട് ടൈം റെസിഡന്റ് മെഡിക്കൽ ഓഫീസർ; വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാല ഹെൽത്ത് സെന്ററിൽ പാർട്ട്ടൈം (ഉച്ചയ്ക്ക് 1.30 മുതൽ നാലുവരെ) റെസിഡന്റ് മെഡിക്കൽ ഓഫീസറുടെ ഒഴിവിലേക്ക് വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഡിസംബർ 18ന് ഉച്ചകഴിഞ്ഞ് മൂന്നിന് വൈസ് ചാൻസലറുടെ ചേംബറിലാണ് ഇന്റർവ്യൂ. ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിലാണ് നിയമനം. യോഗ്യത: എം.ബി.ബി.എസ്./തത്തുല്യം. കേരള മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള ഡോക്ടർമാർക്കും/വിരമിച്ച ഡോക്ടർമാർക്കും പങ്കെടുക്കാം. മാസം 22000 രൂപയാണ് പ്രതിഫലം. താല്പര്യമുള്ളവർ ഡിസംബർ 18ന് ഉച്ചയ്ക്ക് 1.30ന് അസൽ രേഖകളുമായി അസിസ്റ്റന്റ് രജിസ്ട്രാർ 1 ന്റെ (ഭരണവിഭാഗം) ഓഫീസിൽ എത്തണം. വിശദവിവരത്തിന് എഡി. എ3 വിഭാഗവുമായി ബന്ധപ്പെടുക. ഫോൺ: 0481-2733302.

(പി.ആർ.ഒ/39/2199/2019)

## ത്രിദിന രാജ്യാന്തര കോൺഫറൻസിന് ഇന്ന് (ഡിസംബർ 13) തുടക്കം

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസും ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയും സ്ലോവേനിയയിലെ യൂണിവേഴ്സിറ്റി ഓഫ് മാരിബോറും തമിഴ്നാട്ടിലെ ബന്നാരി അമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ഭാരത് യൂണിവേഴ്സിറ്റിയും സംയുക്തമായി ലിക്വിഡ് ക്രിസ്റ്റൽ പോളിമേഴ്സിനെക്കുറിച്ച് സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര കോൺഫറൻസിന് ഇന്ന് (ഡിസംബർ 13) രാവിലെ ഒൻപതിന് തുടക്കമാകും. സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ലിക്വിഡ് ക്രിസ്റ്റൽ പോളിമേഴ്സ്, ജെൽസ്, ഇലാസ്റ്റോമേർസ്, ഫോട്ടോണിക്സ്, ഒപ്റ്റിക്കൽ ഫിലിംസ് സുപ്രാമോളിക്യൂൾസ് എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. രാജ്യാന്തരതലത്തിലും ദേശീയതലത്തിലും പ്രശസ്തരായ നൂറോളം ശാസ്ത്രജ്ഞരും ഗവേഷക വിദ്യാർഥികളും കോൺഫറൻസിൽ പങ്കെടുക്കും.

(പി.ആർ.ഒ/39/2200/2019)

# Repeated News

## എം.ജി. പഠനവകുപ്പുകളിൽ
## എം.ഫിൽ പ്രവേശനം; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ എം.ഫിൽ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, ബയോസയൻസസ്, കെമിക്കൽ സയൻസസ്, എൻവയോൺമെന്റൽ സയൻസസ്, പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, ലെറ്റേഴ്സ്, ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ്, സോഷ്യൽ സയൻസസ്, പെഡഗോഗിക്കൽ സയൻസസ്, മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്, കമ്പ്യൂട്ടർ സയൻസസ് എന്നീ പഠനവകുപ്പുകളിലെ വിവിധ എം.ഫിൽ പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷഫോമും വിജ്ഞാപനവും www.mgu.ac.in എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം. 800 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് രജിസ്ട്രേഷൻ ഫീസിന്റെ 50 ശതമാനം അടച്ചാൽ മതി. ഇ-പേയ്മെന്റിലൂടെയാണ് ഫീസടയ്ക്കേണ്ടത്.

ഒരു പഠനവകുപ്പിലെ ഒന്നിലധികം പ്രോഗ്രാമിലേക്ക് അപേക്ഷിക്കുന്നവർ പ്രോഗ്രാമുകളുടെ മുൻഗണന രേഖപ്പെടുത്തി ഒരു അപേക്ഷ നൽകിയാൽ മതി. അവസാനവർഷ പരീക്ഷയുടെ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഇവർ അന്തിമ റാങ്ക് പട്ടിക തയാറാക്കുന്നതിനു മുമ്പ് മാർക്ക്ലിസ്റ്റുകൾ സമർപ്പിക്കണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ മേൽവിലാസമെഴുതിയ അഞ്ചുരൂപയുടെ സ്റ്റാമ്പൊട്ടിച്ച കവർ കൂടി സമർപ്പിക്കണം. രജിസ്ട്രേഷൻ ഫീസിന്റെ ഇ-പേയ്മെന്റ് രസീതും ബന്ധപ്പെട്ട രേഖകളും സഹിതം പൂരിപ്പിച്ച അപേക്ഷ ജനുവരി 16നകം ബന്ധപ്പെട്ട പഠനവകുപ്പിലെ ഡയറക്ടർക്ക് സമർപ്പിക്കണം. അപേക്ഷിക്കുന്ന പ്രോഗ്രാമിന്റെ പേരും പഠനവകുപ്പിന്റെ പേരും അപേക്ഷ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് എഴുതണം. വിവിധ പ്രോഗ്രാമുകളിലേക്കുള്ള യോഗ്യത, സീറ്റുകൾ, സംവരണം, പ്രവേശനരീതി എന്നിവയടക്കം വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിലെ 'അഡ്മിഷൻസ്' വിഭാഗത്തിലെ 'എം.ഫിൽ' എന്ന ലിങ്കിൽ ലഭിക്കും. ഫോൺ: സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് - 0481-2731034, ബയോസയൻസസ് - 0481-2731035, കെമിക്കൽ സയൻസസ് - 0481-2731036, എൻവയോൺമെന്റൽ സയൻസസ് - 0481-2732120, 2620, പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് - 0481-2731043, ലെറ്റേഴ്സ് - 0481-2731041, ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് - 0481-2731039, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് - 0481-2731040, സോഷ്യൽ സയൻസസ് - 0481-2392383, പെഡഗോഗിക്കൽ സയൻസസ് - 0481-2731042, മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് - 0481-2732288, കമ്പ്യൂട്ടർ സയൻസസ് - 0481-2731037.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ